# ശ്ലീഹാകാലം
## വചന വിചിന്തനം
### ശ്ലീഹാകാലം ഒന്നാം ഞായർ
**യോഹ 16,5-15**

> “പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തുന്നവന്റെ പേര് സഹായകൻ അഥവാ പരിശുദ്ധാത്മാവ് എന്നാണ്. പരിശുദ്ധാത്മാവിന്റെ കുറവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചുമുള്ള അജ്ഞതയിലേയ്ക്ക് നയിക്കപ്പെടും!”

ക്രിസ്തു പറയുന്നു; “നിങ്ങളുടെ നൻമയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്...” നിങ്ങളുടെ നന്മ പരി.ആത്മാവിനെ സ്വന്തമാക്കുന്നതാണ്.

ഇന്ന് തിരുസഭയിൽ പന്തക്കുസ്താതിരുനാൾ ആണ്. വിവിധങ്ങളായ പേരുകളാൻ പന്തക്കുസ്താ തിരുനാൾ അറിയപ്പെടുന്നു. അതിൽ പ്രധാനമായ പേരുകൾ വിളവെടുപ്പ് തിരുനാൾ (പുറ 23,16), ആദ്യഫലങ്ങളുടെ തിരുനാൾ (സംഖ്യ 28,26), ആഴ്ചകളുടെ തിരുനാൾ (പുറ 34,22) എന്നീ പേരുകളാണ്. പെസഹാതിരുനാൾ ആഘോഷിക്കുന്ന ആഴ്ചയിലെ സാബത്തു മുതൽ അഥവാ ഞായറാഴ്ച മുതൽ ഏഴ് ആഴ്ചകൾക്കു ശേഷമുള്ള സാബത്തു / ഞായറാഴ്ച ദിവസമാണ് പന്തകുസ്താ തിരുനാൾ ആഘോഷിക്കുന്നത്. “പന്തകുസ്താ” എന്ന പദത്തിന്റെ അർത്ഥം തന്നെ “അമ്പതാം ദിവസം” എന്നാണ്. ഈ തിരുനാളിന് ഈ പേര് ലഭിക്കാനുള്ള കാരണവും ഇത് തന്നെയാണ് (ലേവ്യ 23,15; തോബി 2,1).

പന്തകുസ്താതിരുനാൾ അഥവാ ആഴ്ചകളുടെ തിരുനാൾ എപ്രകാരമാണ് ആഘോഷിക്കേണ്ടതെന്ന് നിയമാവർത്തനപുസ്തകത്തിൽ കുറിച്ച് വച്ചിട്ടുണ്ട്;

“ഏഴാഴ്ചകൾ എണ്ണുക. കൊയ്ത്തു തുടങ്ങിയ ദിവസം മുതലാണ് ആഴ്ചകൾ എണ്ണേണ്ടത്. അനന്തരം, നിന്റെ ദൈവമായ കർത്താവു നിനക്കു നൽകുന്ന അനുഗ്രഹങ്ങൾക്കൊത്തവിധം സ്വാഭീഷ്ടക്കാഴ്ചകൾ സമർപ്പിച്ചുകൊണ്ട് അവിടുത്തേക്കു ആഴ്ചകളുടെ തിരുനാൾ കൊണ്ടാടുക. നിന്റെ ദൈവമായ കർത്താവ് തന്റെ നാമം സ്ഥാപിക്കുന്നതിനുവേണ്ടി തിരഞ്ഞെടുക്കുന്ന സ്ഥലത്തുവച്ചു നീയും നിന്റെ മകനും മകളും ദാസനും ദാസിയും നിന്റെ പട്ടണത്തിലുള്ള ലേവ്യനും നിന്റെ ഇടയിലുള്ള പരദേശിയും അനാഥനും വിധവയും അവിടുത്തെ മുൻപിൽ സന്തോഷിക്കണം...” (നിയ 16,10-11).

പഴയനിയജനതയുടെ ജീവിതത്തിന്റെ മുഴുവൻ മാനദണ്ഡമായി പത്തുകൽപ്പനകൾ സീനായ് മലമുകളിൽ വച്ച് ദൈവം നൽകിയത് ഇസ്രായേൽ ജനം ഈജിപ്തിൽ നിന്ന് പുറപ്പാടിന്റെ അമ്പതാം ദിവസമാണ്. ഇതുപോലെതന്നെ പുതിയനിയമജനതയുടെ ജീവിതത്തിന്റെ അടിസ്ഥാനവും ആധാരശിലയുമായ പരിശുദ്ധാത്മാവിനെ നൽകപ്പെടുന്നത് പുതിയനിയമപുറപ്പാടായ വി.കുർബ്ബാന സ്ഥാപനത്തിന്റെ അമ്പതാം ദിവസമാണ്.

“മൂന്നാംദിവസം പ്രഭാതത്തിൽ ഇടിമുഴക്കവും മിന്നൽപിണരുകളും ഉണ്ടായി. മലമുകളിൽ കനത്ത മേഘം പ്രത്യക്ഷപ്പെട്ടു. കാഹളധ്വനി അത്യുച്ചത്തിൽ മുഴങ്ങി. പാളയത്തിലുണ്ടായിരുന്ന ജനമെല്ലാം ഭയന്നുവിറച്ചു” (പുറ 16,16) ഇതാണ് ദൈവം പത്തുപ്രമാണങ്ങളുമായി മോശയ്ക്കും ഇസ്രായേൽ ജനത്തിനും പ്രത്യക്ഷപ്പെടുമ്പോൾ സംഭവിക്കുന്നതെങ്കിൽ ഇതിനോട് സദൃശമായ സംഭവങ്ങളാണ് പരിശുദ്ധാത്മാവ് പറന്നിറങ്ങുമ്പോൾ പുതിയ നിയമജനതയ്ക്കും സംഭവിക്കുന്നത്.

“പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തു നിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു” (അപ്പ 2,1 –4).

ചുരുക്കത്തിൽ, അഗ്നിജ്വാലകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ വാഗ്ദാനപ്രകാരമാണ് പറന്നിറങ്ങുന്നത്. അവൻ പറന്നിറങ്ങുന്നതിന് ഒറ്റ ലക്ഷ്യം മാത്രമാണുള്ളത്; “പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി.” ഇന്ന് പാപബോധം കുറയുന്നുണ്ടെങ്കിൽ നീതിബോധത്തെക്കുറിച്ച് അവികലമായ കാഴ്ച്ചപാടുകൾ ഉണ്ടെങ്കിൽ ന്യയവിധികൾ തെറ്റിപ്പോകുന്നുണ്ടെങ്കിൽ അതിനുള്ള കാരണം പരിശുദ്ധാത്മാവിന്റെ കുറവ് തന്നെയാണ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി പറന്നിറങ്ങുന്ന പരിശുദ്ധാത്മാവിനെ വിശുദ്ധിയോടെ സ്വന്തമാക്കാൻ സാധിക്കാതെ വരുമ്പോൾ ജീവിതംതന്നെ കയത്തിൽ മുങ്ങിതാഴുന്നു.

അപ്പസ്തോലൻമാർ സഹായകനായ പരിശുദ്ധാത്മാവിനെ സ്വന്തമാക്കുന്നത് അവർ ഒരുമിച്ചിരുന്നപ്പോഴാണ്. “പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു” (അപ്പ 2,1). ഈ സമയത്താണ് കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തു നിന്നുണ്ടാകുന്നത്. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറയുന്നു. ഈ സമയം അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കാണുന്നു. അവസാനം, അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നു. കൂട്ടായ്മയിൽ ഒന്നാകുമ്പോൾ അവരുടെ ഇടയിൽ സഹായകനായ പരിശുദ്ധാത്മാവ് ഇടം പിടിക്കുന്നു. പരിശുദ്ധാത്മാവിന് ഏറ്റവും ഇഷ്ടമുള്ള കാര്യവും കൂട്ടായ്മയാണ്. ക്രിസ്തു ആഗ്രഹിക്കുന്നതും ഇതു തന്നെയാണ്. കാരണം, ക്രിസ്തു പറയുന്നു;

പരിശുദ്ധാത്മാവിന്റെ മറ്റൊരു പേര് “സത്യാത്മാവ്...” സത്യാത്മാവു സത്യത്തിൻെറ പൂർണതയിലേക്കു നയിക്കുന്നവനാണ്.

“എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും” (മത്താ 18,20).

ഇതിനർത്ഥം രണ്ടോ മൂന്നോ പേർ ഒരുമിച്ച് കൂടിയാൽ ക്രിസ്തു, ദൈവം അവിടെ ണ്ടാകും എന്നല്ല. മറിച്ച്, രണ്ടോ മൂന്നോ പേർ ഒരുമിച്ചുകൂടി അവിടെ ദൈവം ആഗ്രഹിക്കുന്ന കൂട്ടായ്മയുണ്ടെങ്കിൽ ക്രിസ്തു അവരുടെ മദ്ധ്യേ വസിക്കും എന്നാണ്. ചുരുക്കത്തിൽ, ക്രിസ്തു വസിക്കുന്നത് കൂട്ടായമകളിലാണ്. ഇന്ന് പരിശുദ്ധാരൂപിയുടെ ദാനങ്ങലായ ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവ്, ഭക്തി, ദൈവഭയം അധികമായുണ്ടാകണമെങ്കിൽ കൂട്ടായ്മയിൽ ദൈവത്തോടൊത്ത് വസിക്കാൻ പഠിക്കണം. നന്മ സമ്മാനിക്കുന്ന ഗുരുവിന്റെ സാന്നിദ്ധ്യം തന്നെ അറിവ് അഭ്യസിക്കാൻ അധികമാണ്.

ഒരിക്കൽ രാജസിധിയിലേക്ക് കടന്നുവന്ന പണ്ഡിതനായ മനുഷ്യനെ ആ രാജ്യത്തന്റെ രാജാവ് ‘ശിരസ്സ് വണങ്ങി’ സ്വീകരിച്ചു. വന്ന കാര്യം അവതരിപ്പിച്ചു അതിഥി മടങ്ങിയപ്പോൾ, രാജസിധിയിൽ ഇതെല്ലാം കണ്ടുകൊണ്ടിരു മന്ത്രി രാജാവിനോട് അരുളി;

“പ്രഭോ, അങ്ങ് ഈ രാജ്യത്തിന്റെ രാജാവാണ്. ഈ രാജ്യവും, ഇവിടുത്തെ സകല സമ്പത്തുകളും, പ്രജകളും അങ്ങേക്ക് അടിമപ്പെട്ടതാണ്. അങ്ങ് ഒരു രാജാവായിരിക്കെ കെട്ടാരത്തിൽ വരുന്ന പ്രജകളെ ശിരസ്സ് വണങ്ങി സ്വീകരിക്കുന്നത് അങ്ങയുടെ പദവിക്ക് യോജിച്ചതല്ല!”

ഇത് കേട്ട രാജാവ് ഒരു പുഞ്ചിരികൊണ്ട് പ്രതികരിച്ച് മടങ്ങി. പിറ്റേന്നു പുലർച്ചെ മന്ത്രിയെ കാത്തിരന്നത് ഒരു തളികയിൽ 3 തലകളാണ്. ഒരു മനുഷ്യന്റെ, ഒരു പക്ഷിയുടെ, ഒരു ആടിന്റെ. ഇവ മൂന്നും ചന്തയിൽ കൊണ്ടുപോയി വിൽക്കുവാൻ രാജാവ് ആവശ്യപ്പെട്ടു. കാര്യം മനസ്സിലാകാതെ ഉത്തരവ് നടപ്പിലാക്കാൻ മന്ത്രി പുറപ്പെട്ടു.

മനുഷ്യന്റെ തലയൊഴികെ മറ്റു 2 തലകളും വിൽക്കുവാൻ സാധിച്ചു. ഏറെ വൈകി രാജസിധിയിൽ എത്തി കാര്യം ബോധിപ്പിച്ചു. രാജാവ് പിറ്റേന്ന് രാവിലെ വീണ്ടും വരാൻ ആവശ്യപ്പെട്ടു. അന്നും 3 തലകളാണ് മന്ത്രിയെ കാത്തിരുന്നത്. ഒരു മനുഷ്യന്റെ, ഒരു പക്ഷിയുടെ, ഒരു മത്സ്യത്തിന്റെ. അന്നും ചന്തയിൽ നിന്നും ഏറെ വിഷമത്തോടെ മനുഷ്യന്റെ തലയുമായി മന്ത്രി തിരികെ എത്തി. രാജാവിനോട് അരുളി:

"പ്രഭോ, അങ്ങ് ഇനിയും എന്നെ പരീക്ഷിക്കരുത്. എന്നിൽ നിന്നും സംഭവിച്ച തെറ്റ് എന്താണെന്ന് പറഞ്ഞാലും. എന്നെ ഇനിയും ചന്തയിലേക്ക് അയക്കരുതേ."

ഇത് കേട്ട് രാജാവ് പറഞ്ഞു;

"അല്ലയോ പ്രിയപ്പെട്ട മന്ത്രി, കഴിഞ്ഞ ദിനങ്ങൾകൊണ്ട് അങ്ങേക്ക് മനസ്സിലായിക്കാണും. മരണത്തിനു ശേഷം വിലയില്ലാതാകുന്നത് മനുഷ്യന്റെ തലകൾക്ക് മാത്രമാണ്. ജീവൻ വെടിഞ്ഞ മനുഷ്യന്റെ തലകൾ കാണുമ്പോൾ ആളുകൾക്ക് വെറുപ്പും ഭയവുമാണ്. ശിരസ്സുകൾക്ക് വിലയുണ്ടാവുന്നത് അത് ജീവിച്ചിരിക്കുമ്പോൾ കാണിക്കുന്ന വിനയത്തിലൂടെ മാത്രമാണ്. വിനയമില്ലാത്ത ശിരസ്സുകൾ മൃതശരീരത്തിന്റെ തലകൾ പോലെയാണ്. അതുകൊണ്ട് നമ്മൾ എത്ര ഉയരത്തിൽ എത്തുന്നുവോ, അത്രയും വിനയമുള്ളവരാവുക. നമ്മുടെ ശിരസ്സുകൾ മൂല്യമുള്ളതാവട്ടെ!"

പരിശുദ്ധാരൂപിയുടെ ഫലങ്ങൾ പന്ത്രണ്ട് എന്ന് നാം പഠിച്ചിട്ടുണ്ട്; ഉപവി, ആനന്ദം, സമാധാനം, ക്ഷമ, സഹനശക്തി, നന്മ, കനിവ്, സൗമ്യത, വിശ്വാസം, അടക്കം, ആത്മസംയമനം, കന്യാവ്രതം. ഇവയുടെ പ്രതിഫലനമാകണം ജീവിതം. അങ്ങനെയുള്ളവർക്ക് മാത്രമാണ് വിനയത്തോടെ എളിമയോടെ വ്യാപരിക്കാൻ സാധിക്കുക.

മാതാപിതാക്കൾ യുവതലമുറയെ നോക്കി പരിതപിക്കുന്നു;

"മക്കൾ വഴിപിഴച്ചുപോയി... അവർക്ക് അനുസരണമില്ല... മുൻകോപത്തോടെ പെരുമാറുന്നു... സംയമനമില്ലാതെ ജീവിക്കുന്നു... സഹനശക്തി കുറഞ്ഞിരിക്കുന്നു... വിശ്വാസത്തിൽ ശോഷണം സംഭവിച്ചിരിക്കുന്നു... ആനന്ദം അനുഭവിക്കാൻ സാധിക്കുന്നില്ല... ലൈംഗീകത വികലമാകുന്നു..."

എന്തുകൊണ്ടാണ് മക്കൾക്കും മാതാപിതാക്കൾക്കും ഇപ്രകാരം സംഭവിക്കുന്നത് എന്നു ചോദിച്ചാൽ അതിനു ഒറ്റ ഉത്തരം മാത്രമെയൊള്ളു; "സകലത്തേയും വിശുദ്ധീകരിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ കുറവ്."

വരാനിരിക്കുന്ന കാര്യങ്ങളെ കുറിച്ച് അറിയിക്കുന്നവനാണ് പരിശുദ്ധാത്മാവ്. ആത്മാവിന്റെ അഭിഷേകം അധികമായി ഉണ്ടാകട്ടെ...

**"അവർ അപ്പസ്തോലൻമാരുടെപ്രബോധനം,**
**കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന**
**എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു."**

അപ്പ 2,42

---

ഫാ. ജോബി മേനോത്ത്
+91 9447777931